കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

നടത്തറ ഗ്രാമപഞ്ചായത്ത്

2017-18

ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.പി.8/1331/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ – 6800020
ഫോൺ : 0487-2331249
ഇ-മെയിൽ : dotst.ksad@kerala.gov.in
തീയതി. 28/09/18

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്, (സെക്രട്ടറി മുഖേന)
നടത്തറ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : നടത്തറ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

****

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **നടത്തറ ഗ്രാമപഞ്ചായത്തിന്റെ 2017-18** സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-2, 2-3 ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ 3-2 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3) കാര്യാലയ പകർപ്പ്

നം. കെ.എസ്.എ.ടി.എസ്.ആർ.പി.8/1331/2018 തിയ്യതി : 28/09/18

തൃശ്ശൂർ ജില്ലയിലെ നടത്തറ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ നടത്തറ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 11.07.2017 മുതൽ 14.07.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ	ശ്രീമതി. സുധാദാസ്, ഡെപ്യൂട്ടി ഡയറക്ടർ	
ഓഡിറ്റിന് വിനിയോഗിച്ച സമയം	16.07.2018 മുതൽ 25.07.2018 വരെ	
ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ	ലത.എം.എൻ	ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
	ശിവദാസൻ.എ.കെ	അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
	ചൈതന്യ പുരുഷോത്തമൻ	അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
	സുനിൽ കുമാർ.കെ.സി	സീനിയർ ഗ്രേഡ് ഓഡിറ്റർ
	ജയൻ.വി.എസ്	ഓഡിറ്റർ

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ്	അഡ്വ.പി.ആർ.രജിത്ത്	01.04.2017 മുതൽ 31.03.2018 വരെ
സെക്രട്ടറി	പി.വത്സല (അധിക ചുമതല)	01.04.2017 മുതൽ 27.04.2017 വരെ
	എൻ.ജി.ദിനേശൻ	28.04.2017 മുതൽ 07.06.2017 വരെ
	പി.വത്സല (അധിക ചുമതല)	08.06.2017 മുതൽ 12.06.2017 വരെ
	കെ.പി.അനിൽ	13.06.2017 മുതൽ 31.03.2018 വരെ
നിർവ്വഹണ ഉദ്യോഗസ്ഥർ		
ഉദ്യോഗപ്പേര്	പേര്	കാലയളവ്
അസിസ്റ്റന്റ് സെക്രട്ടറി	പി.വത്സല	01.04.2017 മുതൽ 31.03.2018 വരെ
അസിസ്റ്റന്റ് എഞ്ചിനീയർ	റിജോമോൾ.ഒ.ജെ	01.04.2017 മുതൽ 31.03.2018 വരെ
കൃഷി ഓഫീസർ	മഞ്ജുഷ.ആർ	01.04.2017 മുതൽ 21.10.2017 വരെ
	ശ്രുതി.പി.ഡി	22.10.2017 മുതൽ 31.03.2018 വരെ
വി.ഇ.ഒ. (നടത്തറ സർക്കിൾ)	എലിസബത്ത് ലിസ്സി.ഡി	01.04.2017 മുതൽ 30.06.2017 FN വരെ

	തനൂജ	30.06.2017 AN മുതൽ 31.03.2018 വരെ
വി.ഇ.ഒ. (മൂർക്കനിക്കര സർക്കിൾ)	കാവ്യ.പി.സി	01.04.2017 മുതൽ 30.06.2017 വരെ
		01.07.2017 മുതൽ 03.07.2017 ഒഴിവ്
	രശ്മി.ആർ.നായർ	04.07.2017 മുതൽ 31.03.2018 വരെ
വെറ്ററിനറി സർജൻ	ഡോ.ബിന്ദു ബാലകൃഷ്ണൻ	01.04.2017 മുതൽ 31.03.2018 വരെ
മെഡിക്കൽ ഓഫീസർ (ഹോമിയോ)	ഡോ.പാർവതി	01.04.2017 മുതൽ 31.03.2018 വരെ
മെഡിക്കൽ ഓഫീസർ (ആയുർവേദം)	ഡോ.രേണു	01.04.2017 മുതൽ 01.08.2017 വരെ
	ഡോ.രാഖി സുകുമാരൻ	02.08.2017 മുതൽ 31.03.2018 വരെ
മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)	ഡോ.അഭിലാഷ്	01.04.2017 മുതൽ 05.04.2017 വരെ
	ഡോ.ഉമേഷ്	06.04.2017 മുതൽ 31.03.2018 വരെ
ഐ.സി.ഡി.എസ്	സുധർമിണി	01.04.2017 മുതൽ 16.05.2017 വരെ
	ബിന്ദു ആന്റണി	17.05.2017 മുതൽ 31.03.2018 വരെ
എച്ച്.എം., ജി.യു.പി.എസ്	പത്മിനി.കെ.എസ്	01.04.2017 മുതൽ 31.03.2018 വരെ
ഡയറി എക്സ്റ്റൻഷൻ ഓഫീസർ	മഹേഷ്.വി.സി	01.04.2017 മുതൽ 22.11.2017 വരെ
	അമ്പിളി	23.11.2017 മുതൽ 31.03.2018 വരെ

ഉള്ളടക്കം

ക്രമ നമ്പർ	ഖണ്ഡിക നമ്പർ	ഖണ്ഡിക
ഭാഗം –1		
1	1-1	ബജറ്റ്
2	1-2	വാർഷിക ധനകാര്യപത്രിക
3	1-3	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം
4	1-4	സാമ്പത്തിക വിശകലനം
5	1-5	ഫണ്ട് വിനിയോഗം
6	1-6	പദ്ധതി അവലോകനം
7	1-7	തൊഴിലുറപ്പ് പദ്ധതി
8	1-8	ക്ഷേമപദ്ധതികൾ
9	1-9	ക്യാഷ് വെരിഫിക്കേഷൻ

10	1-10	ആഭ്യന്തര നിയന്ത്രണം
11	1-11	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം
12	1-12	വാർഷിക കണക്കുകളിലെ അപാകതകൾ
ഭാഗം -2		
13	2-1	ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി, വർക്കിംഗ് ഗ്രൂപ്പ് എന്നിവയുടെ പ്രവർത്തനം വിലയിരുത്തൽ
14	2-2	ഡി&ഒ ലൈസൻസ് വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഇടപെടേണ്ടതാണ്
15	2-3	വാടക വിഷയത്തിൽ ഭരണസമിതിയുടെ ക്രിയാത്മകമായ ഇടപെടൽ
16	2-4	ബിൽഡിംഗ് പെർമിറ്റ് കാലാവധി കഴിഞ്ഞ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത് കണ്ടെത്തുന്നതിന് ഫീൽഡ് പരിശോധന നടത്തേണ്ടതാണ്
17	2-5	പൗരാവകാശരേഖ
18	2-6	വസ്തുനികുതി പിരിവ് 91%
19	2-7	സഞ്ചയ സാംഖ്യ ഇന്റഗ്രേഷൻ
ഭാഗം -3		
20	3-1	പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട രക്ഷാകർത്താക്കളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം -25000 രൂപയുടെ നിരാകരിക്കുന്നു
21	3-2	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്
22	3-3	ഹോമിയോ ആശുപത്രിയിലേക്ക് ലഭിക്കേണ്ട മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല
23	3-4	മെഡിക്കൽ ഓഫീസർ പി.എച്ച്.സി. നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ അലോപ്പതി ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ
24	3-5	പി.എച്ച്.സി.യിൽ കരാർ അടിസ്ഥാനത്തിൽ ഡോക്ടറെ നിയമിക്കൽ- 53073/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു
25	3-6	298.46 എം ക്യൂബ് മണ്ണിന്റെ ഡിസ്പോസൽ രേഖപ്പെടുത്തിയില്ല
26	3-7	കന്നുകുട്ടി പരിപാലന പദ്ധതി -പൂർത്തിയാകുന്ന മുറയ്ക്ക് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്
27	3-8	സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്റർ ശരിയായ വിധത്തിൽ എഴുതി സൂക്ഷിക്കേണ്ടതാണ്
28	3-9	2017-18 പദ്ധതി നിർവ്വഹണം. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്കു താഴെയുള്ള വർക്കിങ്ങ് ഗ്രൂപ്പുകൾ. വിലയിരുത്തൽ

29	3-10	പദ്ധതി നടപടിക്രമങ്ങളിലെ കാലതാമസം ഒഴിവാക്കേണ്ടതാണ്
30	3-11	തുടർ സാക്ഷരതാ പ്രവർത്തനം -തുല്യത- രേഖകൾ ഹാജരാക്കിയിട്ടില്ല -ചെലവ് തുക തടസ്സപ്പെടുത്തുന്നു
31	3-12	ഗാർഹിക ബയോഗ്യാസ് പ്ലാന്റ് - പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല
32	3-13	തൊഴിലുറപ്പ് പദ്ധതി വിവരങ്ങൾ 2017-18
33	3-14	സാമൂഹ്യക്ഷേമ പദ്ധതികൾ
34	3-15	പൂർത്തീകരണ സർട്ടിഫിക്കറ്റ്, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയില്ല, ചെലവ് തുക 1763210/- രൂപ തടസ്സപ്പെടുത്തുന്നു
ഭാഗം -4		
35	4-1	സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം
36	4-2	ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ
37	4-3	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ
38	4-4	വായ്പ/ വായ്പ തിരിച്ചടവ്
39	4-5	സ്ഥിരനിക്ഷേപങ്ങൾ
40	4-6	ഓഡിറ്റ് റിക്കവറി
41	4-7	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം
42	4-8	ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം
43	4-9	ഓഡിറ്റ് പ്രത്യവലോകനം
44	4-10	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ
45	അനുബന്ധം	ഓഡിറ്റ് സർട്ടിഫിക്കറ്റ്

ഭാഗം -1

പൊതു അവലോകനം

പൊതു അവലോകനം

1-1 ബജറ്റ്

2017-18-ലെ ബജറ്റ് 27.03.17-ലെ 1/1 നമ്പർ തീരുമാനമായി അംഗീകരിച്ചിട്ടുണ്ട്. 08.02.2018 തീയതിയിലെ 06/01 തീരുമാനപ്രകാരം ബജറ്റ് പുതുക്കിയിട്ടുണ്ട്.

1-2 വാർഷിക ധനകാര്യപത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി	അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി	അപാകത പരിഹരിച്ച് ലഭിച്ച തീയതി
31.07.2018	21.05.18	-	-

1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/ തീയതി
2017-18	18.06.2018, 19.06.2018	കെ.എസ്.എ.ടി.എസ്.ആർ(ഇ3)1150/18 തീ.11.07.18

1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	20039482
വരവ്	68649407
ആകെ	88688889
ചെലവ്	76002624
നീക്കിയിരിപ്പ്	12686265

1-5 ഫണ്ട് വിനിയോഗം

ഫണ്ടിനം		ഒ.ബി	വരവ്	ആകെ	ചെലവ്	സി.ബി
വികസന ഫണ്ട്-ജനറൽ (ACR പ്രകാരം)		0	15277000	15277000	15275079	1921
വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം)		0	15277000	15277000	15275079	1921
വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം)		0	4460274	4460274	4216081	244193
മെയിന്റനൻസ്, റോഡ് (ACR പ്രകാരം)		0	8576000	8576000	8507471	68529
മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം)		0	3393000	3393000	3371547	21453
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം)		0	7175164	7175164	7156763	18401
കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം)		0	2381083	2381083	2018121	362962
സാക്ഷരത		100000	0	100000	100000	0
ദുരിതാശ്വാസനിധി		0	0	0	0	0
എം.ജി.എൻ.ആർ.ഇ.ജി.എസ്	തൊഴിലാളികളുടെ കൂലി	23277	458189	481466	479281	2185
	അഡ്മിനിസ്ട്രേറ്റീവ് ചെലവ്	0	7147409	7147409	7147409	0
കേന്ദ്രാവിഷ്കൃത ഫണ്ടുകൾ		521168	617213	1138381	356170	782211
സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ -suchitwa mission		42314	142147	184461	102546	81915
കേരളോത്സവം		15000	20000	35000	35000	0
ജോയിന്റ് വെഞ്ചർ അക്കൗണ്ട്	ബ്ലോക്ക് പഞ്ചായത്ത്	400000	1000000	800000	1400000	361940 (ROP ആയി തിരിച്ചടച്ച ബാലൻസ്-0
	ജില്ലാ പഞ്ചായത്ത്	1323396	825000	2148396	1825000	323396 (ROP ആയി തിരിച്ചടച്ച ബാലൻസ്-0

ബി ഫണ്ട്		0	48860900	48860900	48860900	0
ജനറൽ പർപ്പസ് ഗ്രാന്റ്		0	9986000	9986000	9986000	0
തനത് ഫണ്ട്	ബാങ്ക് അക്കൗണ്ട് പഞ്ചാബ് നാഷണൽ ബാങ്ക്	7910883	5261793	13172676	8940064	4232612
	മൂർക്കനിക്കര സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്	5781592	8862050	14643642	6880444	7763198
	ട്രഷറി അക്കൗണ്ട്	4986778	10367419	15354197	15490549	-136352
മറ്റിനം						

1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
190	75321134	152	53346464	31	7	80%

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

1)പ്രോജക്ട് നമ്പർ-129-സ്കൂളുകളിൽ മാതൃകാ കൃഷിത്തോട്ടം
2)പ്രോജക്ട് നമ്പർ-190-ബഡ്സ് സ്കൂളിൽ ഫർണ്ണീച്ചർ വാങ്ങൽ
3)പ്രോജക്ട് നമ്പർ-191-ബഡ്സ് സ്കൂളിലെ കുട്ടികൾക്ക് അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ
4)പ്രോജക്ട് നമ്പർ-78-ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ
5)പ്രോജക്ട് നമ്പർ-81-സ്ട്രീറ്റ് ലൈററ് സാമഗ്രികൾ വാങ്ങൽ
6)പ്രോജക്ട് നമ്പർ-92-പയ്യനം കൊളാംകുണ്ട് സ്കീമിലേക്ക് ഗ്രാമപഞ്ചായത്ത് വിഹിതം കൈമാറൽ
7)പ്രോജക്ട് നമ്പർ-50-പഞ്ചായത്ത് തല ഫുട്ബോൾ, ക്രിക്കറ്റ് ടീം രൂപീകരണം

1-7 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണചെലവുകൾ	23277	458189	481466	479281	2185
ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത്	0	7147409	7147409	7147409	0
	23277	7605598	7628875	7626690	2185

1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	45480	105
കർഷകതൊഴിലാളി പെൻഷൻ	5098100	427
വിധവ പെൻഷൻ	15299000	1279
വാർദ്ധക്യകാല പെൻഷൻ	23092300	1684
വികലാംഗ പെൻഷൻ	3205100	302
50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ	1606200	187

1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.07.2018-ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4283/- രൂപയുടെ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-10 ആഭ്യന്തര നിയന്ത്രണം

1) ജോലി വിഭജനം - നിലവിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ കാര്യങ്ങളും കണ്ടെത്തി ആയവ ഇനം തിരിച്ച് ഓഫീസ് ഉത്തരവുകളിലൂടെ വിവിധ ജീവനക്കാർക്ക് ഏൽപ്പിച്ച് കൊടുക്കുന്നുണ്ട്. ഓഫീസ് ഉത്തരവ് നമ്പർ 24/14 തീയതി 03.10.17 പ്രകാരം ജീവനക്കാരുടെ സെക്ഷനുകൾ പുനർനിർണയിച്ച നൽകിയിട്ടുണ്ട്. കൂടാതെ അടിയന്തിര ഘട്ടങ്ങളിൽ അതിനനുസരിച്ച് പ്രത്യേക ഉത്തരവുകളിലൂടെ ജോലികൾ വിവിധ ജീവനക്കാരെ ഏൽപ്പിക്കുന്നുമുണ്ട്.

2) എല്ലാമാസവും ഓഫീസ് മീറ്റിങ്ങ് കൂടുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്യുന്നുണ്ട്.

3) ജീവനക്കാരുടെ ഹാജർ കൃത്യമായി രേഖപ്പെടുത്തുന്നുണ്ട്. ഓഡിറ്റ് കാലയളവിൽ തസ്തികകളൊന്നും ഒഴിഞ്ഞു കിടക്കുന്നില്ല.

4) സ്ഥാപനത്തിലെ ഇന്റേണൽ ഓഡിറ്റ് സംവിധാനം കൃത്യമായി പ്രവർത്തിക്കുന്നുണ്ട്. 16.07.18-നാണ് അവസാനമായി ഓഡിറ്റ് നടത്തിയിരിക്കുന്നത്.

5) വരവ് ചെലവ് കണക്കുകളെ നിയന്ത്രിക്കുന്നതിനു ബഡ്ജറ്റ് സമ്പ്രദായം നിലവിലുണ്ട്. വാർഷിക കണക്കുകൾ സ്ഥാപനത്തിന്റെ ഇടപാടുകളെ കൃത്യമായി പ്രതിഫലിപ്പിക്കുന്നുണ്ട്. സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. ക്യാഷ് വിവിധതരം സെക്യൂരിററികൾ എന്നിവയുടെ സൂക്ഷിപ്പ് യഥാവിധി ഓഫീസ് ഉത്തരവുകളിലൂടെത്തന്നെ ഏല്പിക്കപ്പെടുന്നുണ്ട്.

6) അക്കൗണ്ട് റൂളുകൾ പാലിച്ചുപോരുന്നുണ്ട്. ഇതുപ്രകാരം സൂക്ഷിക്കേണ്ട രജിസ്റ്ററുകളും മറ്റും പരിപാലിക്കുന്നുണ്ട്.

7) പണമിടപാട് നടത്തുന്ന എല്ലാ രേഖകളുടേയും ഡ്യൂപ്ലിക്കേറ്റ്സ് സൂക്ഷിക്കുന്നുണ്ട്. പ്രീനമ്പേർഡ് രശീതികളാണ് ഉപയോഗിക്കുന്നത്. ക്യാൻസൽ ചെയ്യുന്ന രശീതികൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്.

8) സ്ഥാപനത്തിൽനിലവിലുള്ള മുഴുവൻ ബാങ്ക് അക്കൗണ്ടുകളുടേയും ലിസ്റ്റ് സൂക്ഷിക്കുന്നുണ്ട്. എല്ലാ എക്കൗണ്ടുകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുള്ളതാണ്.

9) ഓരോ ദിവസവും പിരിച്ചെടുക്കുന്ന പണം തൊട്ടടുത്ത പ്രവൃത്തി ദിവസംതന്നെ ബാങ്കിൽ അടവാക്കുന്നുണ്ട്. ഇതിന്റെ ഉത്തരവാദിത്വം കൃത്യമായി ഏല്പിക്കപ്പെട്ടിട്ടുണ്ട്.

10) ഫീൽഡ് കളക്ഷനുവേണ്ടിയും വൈദ്യുതി ഇല്ലാത്ത സമയത്തും മാന്വൽ രസീതി ഉപയോഗിക്കുന്നുണ്ട്. രശീതി പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. പഞ്ചായത്തിൽ ലഭ്യമാകുന്ന ചെക്ക്, ഡി.ഡി. എന്നിവ ചെക്ക് & ഡി.ഡി. രജിസ്റ്ററിൽ ചേർക്കുകയും കൃത്യമായി ബാങ്കിൽ സമർപ്പിക്കുകയും ചെയ്യുന്നുണ്ട്.

11) ഫ്രണ്ടോഫീസിൽ ഒരുദിവസം ഒരാൾ മാത്രമേ ജോലി ചെയ്യുന്നുള്ളൂ. ഒരാളുടെ പാസ്സ് വേഡും ലോഗിനും മറ്റൊരാൾ ഉപയോഗിക്കുന്നില്ല. ഫ്രണ്ടോഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്.

12) എല്ലാചെലവുകൾക്കും വൗച്ചർ സൂക്ഷിക്കുന്നുണ്ട്, അതോടൊപ്പം ബില്ലുകളും.

13) ടാക്സുകൾ സമയപരിധിക്കുള്ളിൽതന്നെ ഡിമാന്റ് ചെയ്യുന്നുണ്ട്. അസസ്സ്മെന്റ്, ബില്ലിങ്ങ്, കളക്ഷൻ, പോസ്ററിങ്ങ് എന്നിവ ഒരേ വ്യക്തി തന്നെയാണ് ചെയ്യുന്നത്. ഇത് ശരിയായ രീതിയല്ല. മാറ്റം വരുത്തേണ്ടതാണ്. എല്ലാ കളക്ഷനുകളും ഡി.സി.ബി., കാഷ്ബുക്ക്, ലെഡ്ജർ എന്നിവയിൽ ഒരേസമയം രേഖപ്പെടുത്തുന്നതിന് സാംഖ്യ ഡബിൾ എൻട്രി സിസ്റ്റം നിലവിലുണ്ട്. ഡി.സി.ബി., കാഷ്ബുക്ക്, ലെഡ്ജർ എന്നിവയുമായി പൊരുത്തപ്പെടുത്തൽ നടത്താറുണ്ട്.

14) പിരിഞ്ഞുകിട്ടാനുള്ള തുകകൾ കൃത്യമായി കണക്കാക്കി അടുത്ത വർഷത്തേക്ക് ക്യാരിഓവർ ചെയ്യുന്നുണ്ട്.

15) ടാക്സുകൾ യഥാസമയം പിരിച്ചെടുക്കുവാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മറ്റിയും ഭരണസമിതിയും കൃത്യമായ ഇടപെടലുകൾ നടത്തുന്നുണ്ട്.

16) പ്രൊക്യൂവെർമെന്റ് പ്ലാൻ, പ്രൊക്യൂവെർമെന്റ് കമ്മറ്റി എന്നിവയുടെ അടിസ്ഥാനത്തിലാണ് വാങ്ങലുകൾ നടക്കുന്നത്. വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുക്കാറുണ്ടെങ്കിലും അവയുടെ വിതരണം ആർക്ക കൊടുത്തു എന്നിങ്ങനെയുള്ള വിവരങ്ങൾ ചേർത്തു കാണുന്നില്ല. ഉദാ. ഇലക്ട്രിക്കൽ സാമഗ്രികളുടെ സ്റ്റോക്ക് രജിസ്റ്റർ.

17) വർഷാന്ത്യ സ്റ്റോക്ക് ഭൗതിക പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

18) വാങ്ങിയ സാധനങ്ങൾ ഭദ്രമായി സൂക്ഷിക്കുവാനുള്ള സൗകര്യം പഞ്ചായത്തിലില്ല.

19) സ്റ്റോക്ക്&സ്റ്റോർസ്, മറ്റു വിലപ്പെട്ട രേഖകൾ എന്നിവക്ക് ഇൻഷ്വറൻസ് പരിരക്ഷയില്ല.

20) സർവ്വീസ് പുസ്തകങ്ങൾ, ലീവ് റെക്കോഡുകൾ അറ്റന്റൻസ് രജിസ്റ്റർ എന്നിവ ശരിയായി സൂക്ഷിക്കുന്നുണ്ട്.

21) ജീവനക്കാരിൽ നിന്നും പിടിക്കുന്ന റിക്കവറികൾ കൃത്യമായി അടവാക്കുന്നുണ്ട്.

22) ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല.

23) ആസ്തികളുടെ മൂല്യശോഷണം കണക്കാക്കുന്നതിനുള്ള സംവിധാനമുണ്ട്. കാലഹരണപ്പെട്ട ആസ്തികൾ നാശോന്മുഖമാകുന്നതിനുമുന്നെ നടപടി ക്രമങ്ങൾ പാലിച്ചുകൊണ്ട് വില്പന നടത്താറുണ്ട്.

24) താഴെപ്പറയുന്ന സോഫ്റ്റ്‌വെയറുകൾ വിവിധ ആവശ്യങ്ങൾക്കായി സ്ഥാപനം ഉപയോഗിക്കുന്നുണ്ട്. സഞ്ചയ–കെട്ടിടങ്ങൾ സംബന്ധിച്ചത്

സുലേഖ –പദ്ധതികൾക്ക്, സൂചിക –പേപ്പറില്ലാത്ത ഫയൽ മാനേജ്മെന്റ്.

സകർമ്മ - പഞ്ചായത്തിന്റെ യോഗങ്ങൾ രേഖപ്പെടുത്തുന്നതിന്. സങ്കേതം –ബിൽഡിങ്ങ് പെർമിറ്റുകൾക്ക്, സാംഖ്യ —അക്കൗണ്ടിങ്ങ് സിസ്റ്റം.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	16.07.2018	06/2018	ലഭിച്ചിട്ടില്ല
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	17.12.2014 മുതൽ 31.12.2014 വരെ	2009-10 മുതൽ 2013-14 വരെ	07.04.2015

1-12 വാർഷിക കണക്കുകളിലെ അപാകതകൾ

വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം 62.2(എഫ്)) പ്രകാരം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2017-18 ലെ "Net decrease in cash and cash equivalents” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 73,53,217/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2017-18 കാലയളവിൽ “Net cash used up by operating + investing + Financing Activity” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 80,30,517/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.

3. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-11-ൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ മൂല്യം പരിശോധിക്കാൻ സാധിക്കുന്ന രീതിയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

4. താഴെ ചേർത്തിരിക്കുന്ന കാലാവധി കഴിഞ്ഞ ചെക്കുകൾ "Liability in respect of Stale cheque”എന്ന ബാധ്യത ശീർഷകത്തിലേക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം 46). ആയതിൽ മൂന്നു വർഷത്തിലധികമായി എൻകാഷ് ചെയ്യപ്പെടാത്ത ചെക്കുകളെ സംബന്ധിച്ച ബാധ്യത പരിശോധിക്കേണ്ടതും ആയവ ബാധ്യത ശീർഷകത്തിൽ നിന്ന് ഒഴിവാക്കപ്പെടേണ്ടതുമാണ്.)

വൗച്ചർ നമ്പർ	ചെക്ക് തീയതി	തുക	ബാങ്ക്
21700507	30/08/17	4132	മൂർക്കനിക്കര സർവീസ് സഹകരണ ബാങ്ക് - തനത് ഫണ്ട്
21600836	15/12/16	250	പഞ്ചാബ് നാഷണൽ ബാങ്ക് - തനത് ഫണ്ട്
21600565	29/09/16	13637	„
21600101	06/05/16	2000	„
21500292	07/07/15	893	„
21500105	13/05/15	760	„
21500106	13/05/15	276	„
21500108	13/05/15	4519	„
21300150	29/05/13	650	„
21400934	29/12/14	276	„
21400965	05/01/15	800	„
21301467	28/02/14	200	„
21400964	05/01/15	860	„

21400588	09/10/14	6000	„
21300156	31/05/13	120	„
21300833	06/11/13	500	„
21600337	25/07/16	550	„
21600338	25/07/16	550	„
21300702	04/10/13	210	„

5. വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി. രജിസ്റ്റർ പ്രകാരവും വാർഷിക കണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും, സേവന ഉപനികുതിയുടെയും ഡി.സി.ബി. രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ-ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷിക കണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

5.1.വസ്തുനികുതി -തൻവർഷം (റെസിഡൻഷ്യൽ & നോൺ റെസിഡൻഷ്യൽ)

5.1.1

	ഡിമാന്റ്	കളക്ഷൻ	മുൻകൂർ ക്രമീകരിച്ചത്	ബാക്കി
"സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം	46,18,714	40,55,032	3,06,158	2,57,524
വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം	46,18,714	40,52,592		3,11,857
	(ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1)	(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43)		*(ബാലൻസ്/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (68420+259030)/105*100

വസ്തു നികുതി – കുടിശ്ശിക (റെസിഡൻഷ്യൽ & നോൺ റെസിഡൻഷ്യൽ)

5.1.2

	ഡിമാന്റ്	കളക്ഷൻ	ബാക്കി
"സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം	12,48,919	9,93,369	2,55,550
വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം	13,52,796	9,93,326	1,60,999
	2016-17ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15), (91778+862974+465684) /105 *100=)	(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) (593118+400208)	(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)/ 105*100 (125058+43991)/105*100

5.2 വസ്തുനികുതിയിൻമേലുള്ള സേവന ഉപനികുതി (തൻവർഷം) (റെസിഡൻഷ്യൽ & നോൺ റെസിഡൻഷ്യൽ)

5.2.1

	ഡിമാന്റ്	കളക്ഷൻ	മുൻകൂർ ക്രമീകരിച്ചത്	ബാക്കി
"സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം	4,65,186	4,05,916	32,447	26,823
വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം	4,65,186	4,06,724		29,795
	(ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) (277029+188157)	(റസീപ്റ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) (250444+156280)		(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (4178+25617)

<u>വസ്തുനികുതിയിൻമേലുള്ള സേവന ഉപനികുതി (കുടിശ്ശിക) (റെസിഡൻഷ്യൽ&നോൺ റെസിഡൻഷ്യൽ)</u>

5.2.2

	ഡിമാന്റ്	കളക്ഷൻ	ബാക്കി
"സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം	1,24,059	98,853	25,206
വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം	1,39,863	98,896	40,967
	(2016-17ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (10408+83888+45567)	(റസീപ്റ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) (59924+38972)	(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (34372 + 6595)

മേൽ കാരണങ്ങളാൽ വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം വസ്തുനികുതിയിനത്തിലുള്ള യാതൊരു തുകകളുടെയും കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

5.3 – ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ ബി-15 പ്രകാരം 431910101 State Govt.Cesses/Levies in property taxes – control account എന്ന ശീർഷകത്തിൽ കാണിച്ചിരിക്കുന്ന തുക 19,058/- രൂപ ആണ്. കുടിശ്ശിക വസ്തുനികുതിയോടൊപ്പം ഈടാക്കി അടവാക്കാനുള്ളതും ഇതു വരെ ലഭിക്കാത്തതുമായ ലൈബ്രറി സെസ് ഇനത്തിലുള്ള തുകയാണ് ഈ ശീർഷകത്തിൽ വരേണ്ടത്. ഇത് പഞ്ചായത്തിന്റെ ആസ്തിയല്ല. "സഞ്ചയ"യിൽ നിന്നുള്ള പത്രിക പ്രകാരം 27,780/- രൂപ ലൈബ്രറി സെസ് ഇനത്തിൽ ലഭിക്കാനുണ്ട്. മേൽ ശീർഷകത്തിന്റെ ബാലൻസ് നെഗറ്റീവ് സംഖ്യ ആയിരിക്കേണ്ടതാണ്. മേൽ ശീർഷകത്തിന്റെ ലെഡ്ജർ പരിശോധനയിൽ 2017-18 വർഷത്തിലെ കുടിശ്ശിക വസ്തു നികുതിയുടെ ലൈബ്രറി സെസ് തുക മുൻബാക്കിയായി വന്നിട്ടില്ല എന്ന് ബോധ്യപ്പെട്ടു. മേൽ കാരണത്താൽ അക്കൗണ്ട് ഡെബിറ്റ് ബാലൻസ് കാണിക്കുകയും പഞ്ചായത്തിന്റെ ആസ്തിയായി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുവാനിടയാകുകയും ചെയ്തു. മേൽ അപാകത പരിഹരിക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

<u>വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

2-1 ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി, വർക്കിംഗ് ഗ്രൂപ്പ് എന്നിവയുടെ പ്രവർത്തനം വിലയിരുത്തൽ

കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 162എ(i) പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റികൾ ധനകാര്യം, നികുതി, അക്കൗണ്ടുകൾ, ഓഡിറ്റ്, പൊതുഭരണം, നികുതി സംബന്ധമായ അപ്പീൽ, മറ്റ് സ്റ്റാന്റിംഗ് കമ്മറ്റികൾക്ക് നൽകിയിട്ടില്ലാത്ത വിഷയങ്ങൾ എന്നിവ കൈകാര്യം ചെയ്യേണ്ടതാണ്. 13-ാം പദ്ധതിയുടെ ആദ്യ വാർഷിക പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് സ്റ്റാന്റിംഗ് കമ്മറ്റികളുടെ ചുമതലകൾ സർക്കാർ ഉത്തരവ് (എം.എസ്) 72/2017 ത.സ്വ.ഭ.വ. തീ.29.3.2017-ൽ അനുബന്ധം 3 ആയി ചേർത്തിട്ടുണ്ട്. പദ്ധതി ആസൂത്രണവും മോണിറ്ററിങ്ങുമായി ബന്ധപ്പെട്ട് പൊതുഭരണം, ധനകാര്യം എന്നീ വിഷയങ്ങളിലെ വർക്കിങ്ങ് ഗ്രൂപ്പിന്റെ ചുമതലയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയ്ക്കാണ്.

പൊതുഭരണ ധനകാര്യ വർക്കിങ്ങ് ഗ്രൂപ്പ് 2017-18 സാമ്പത്തിക വർഷത്തിൽ 6 യോഗങ്ങളാണ് ചേർന്നിട്ടുള്ളത്. 14 അംഗങ്ങളുള്ളതിൽ ശരാശരി 6 അംഗങ്ങളുടെ പങ്കാളിത്തമാണ് ഓരോ യോഗത്തിലും ഉണ്ടായിട്ടുള്ളത്. വർക്കിങ്ങ് ഗ്രൂപ്പിൽ ചർച്ചയ്ക്ക് വന്ന പല നിർദ്ദേശങ്ങളും സ്റ്റാന്റിംഗ് കമ്മറ്റി യോഗത്തിൽ ചർച്ച ചെയ്തതായി പോലും രേഖപ്പെടുത്തി കാണുന്നില്ല.

ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി 2017-18 സാമ്പത്തിക വർഷത്തിൽ 20 യോഗങ്ങൾ ചേർന്നിട്ടുണ്ട്. സ്റ്റാന്റിംഗ് കമ്മറ്റിയിലെ നാല് മെമ്പർമാരും

പരമാവധി എല്ലാ യോഗത്തിലും പങ്കെടുത്തിട്ടുണ്ട്. നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനായി കുടുംബശ്രീ വഴി നോട്ടീസ് വിതരണം നടത്തുന്നതിനും ക്യാമ്പ് കളക്ഷൻ, ഫീൽഡ് കളക്ഷൻ എന്നിവ സംഘടിപ്പിക്കുന്നതിനും പ്രയത്നിച്ചിട്ടുണ്ട്. അതുപോലെത്തന്നെ വാടക വിഷയത്തിലും ക്രിയാത്മകമായ ഇടപെടൽ നടത്തിയിട്ടുണ്ട്.

2-2 ഡി&ഒ ലൈസൻസ് വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഇടപെടേണ്ടതാണ്

കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിലായി ഡി&ഒ ലൈസൻസ് ഫീസിനത്തിൽ ക്രമാനുഗതമായ കുറവ് സംഭവിച്ചത് 2016-17 ഓഡിറ്റ് റിപ്പോർട്ടിൽ സൂചിപ്പിച്ചിരുന്നു. പഞ്ചായത്ത് ഭരണസമിതിയുടെ - വിശേഷിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ - ക്രിയാത്മകമായ ഇടപെടലുകളില്ലാതിരുന്നതിനാൽ (ഓഡിറ്റ് അന്വേഷണം 2/19.07.2017) 2017-18 സാമ്പത്തിക വർഷത്തിൽ ഈയിനത്തിൽ സ്വാഭാവികമായ നേരിയ വർദ്ധനവ് മാത്രമാണ് ഉണ്ടായിട്ടുള്ളത്. ഈ വിഷയത്തിൽ ഗൗരവപൂർണ്ണമായ ഇടപെടൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തു നിന്ന് ഉണ്ടാകേണ്ടതാണ്. പഞ്ചായത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. ഫീൽഡ് പരിശോധന നടത്തി ലിസ്റ്റിൽ ഉൾപ്പെടാത്ത സ്ഥാപനങ്ങളെ ഡി&ഒ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതും നിലവിൽ ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങളുടെ വിറ്റ് വരവിലുണ്ടാകുന്ന വർദ്ധനവ് പരിഗണിച്ച് ലൈസൻസ് ഫീസിൽ വർദ്ധനവ് വരുത്തേണ്ടതുമാണ്.

2-3 വാടക വിഷയത്തിൽ ഭരണസമിതിയുടെ ക്രിയാത്മകമായ ഇടപെടൽ

(a) നടത്തറ ഗ്രാമപഞ്ചായത്തിന് കീഴിൽ പൂച്ചട്ടി ഷോപ്പിംഗ് കോംപ്ലക്സിൽ 21 മുറികളുള്ളതിൽ 20 മുറികളും നടത്തറ ഷോപ്പിംഗ് കോംപ്ലക്സിൽ 7 മുറികളും വനിതാ കൈത്തൊഴിൽ വിപണന കേന്ദ്രത്തിൽ 17 മുറികളുള്ളതിൽ 12 മുറികളും (2മുറികളിൽ അംഗൻവാടി, എം.എൻ.ആർ.ഇ.ജി.എ എന്നിവ പ്രവർത്തിക്കുന്നുണ്ട്) വാടകയ്ക്ക് നൽകിയിട്ടുണ്ട്. വ്യാപാരാവശ്യത്തിന് വാടകയ്ക്ക് എടുത്തവർ അല്ല പ്രസ്തുത മുറികൾ ഉപയോഗിക്കുന്നത് എന്ന് പരാതി വന്നതിന്റെ അടിസ്ഥാനത്തിൽ 04.10.2017 തീയതിയിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ നേതൃത്വത്തിൽ വാടകക്കാരുടെ ഒരു യോഗം ചേരുകയും വാടകക്ക് മുറിയെടുത്ത് മറ്റ് വ്യക്തികൾക്ക് മറിച്ച് നൽകിയ മുറികളുടെ വാടക 100 ശതമാനവും മറ്റു മുറികളുടെ വാടക 50 ശതമാനവും വർദ്ധിപ്പിച്ച് കൊണ്ട് യഥാർത്ഥ വാടകക്കാർ തന്നെ കരാറിലേർപ്പെടുന്നതിനും 01.04.2018 മുതൽ കരാർ പ്രാബല്യത്തിൽ വരുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. പഞ്ചായത്ത് ഭരണസമിതിയുടെ ഭാഗത്ത് നിന്നുണ്ടായ ഇത്തരം നടപടി വളരെ ശ്ലാഘനീയമാണ്. അടുത്ത സാമ്പത്തികവർഷം വാടക വരുമാനത്തിൽ ഗണ്യമായ വർദ്ധനവുണ്ടാക്കാൻ ഈ നടപടി സഹായകരമാവും. തുടർന്നും ധനകാര്യ സ്റ്റാൻറിംഗ് കമ്മറ്റി ഈ വിഷയത്തിൽ പുനരവലോകന യോഗങ്ങൾ സംഘടിപ്പിക്കേണ്ടതും തൽസ്ഥിതി വിലയിരുത്തി ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. മേൽ തീരുമാന പ്രകാരം കരാറിലേർപ്പെടാത്ത വടക്കേത്തല ജോസഫ് ജോർജ്ജ് എന്ന വാടകക്കാരനുമായി കരാറിലേർപ്പെടേണ്ടതും അല്ലാത്ത പക്ഷം വാടകക്കാരനെ ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. ലേലത്തിൽ പോകാത്ത മുറികൾ പുനർലേലം നടത്തുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

(b) 19.06.17 തീയതിയിലെ സാധാരണയോഗം മിനിറ്റ്സ് തീരുമാനം നമ്പർ 5 പ്രകാരം വനിതാ കൈത്തൊഴിൽ വിപണന കേന്ദ്രത്തിൽ വാടകയോ എഗ്രിമെന്റോ കൂടാതെ സുധർമ്മ ചുക്കത്ത് എന്ന വ്യക്തി ഒരു മുറി കൈവശം വച്ചിരിക്കുകയാണെന്നും, ടി മുറി തിരിച്ചേൽപ്പിക്കുന്നതിനും പുനർലേലം ചെയ്യുന്നതിനും തീരുമാനമെടുത്തിരുന്നു. സുധർമ്മ ചുക്കത്ത് നൽകിയ മറുപടിയിൽ 10,000/- രൂപ ഉടൻ അടവാക്കാമെന്നും ബാക്കി കുടിശ്ശിക തീർക്കാൻ സമയം അനുവദിക്കണമെന്നും അപേക്ഷിച്ചിരുന്നു. എന്നാൽ ടിയാരി തുക അടവാക്കിയിട്ടില്ലെന്നും ഉടർ നടപടികൾ സ്വീകരിച്ചിട്ടില്ലെന്നും (ഓഡിറ്റ് അന്വേഷണം നം.3/19.07.2018 നുള്ള മറുപടി) അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ വസ്തുവഹകൾ യാതൊരു കരാറും വാടകയുമില്ലാതെ ഒരു വ്യക്തി കൈവശം വച്ച് ഉപയോഗിക്കുന്നത് പഞ്ചായത്ത് ഭരണസമിതി ഗൗരവമായി കാണേണ്ടതും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ കർശന നടപടി സ്വീകരിക്കേണ്ടതുമാണ്.

(c) വാടക രജിസ്റ്റർ പ്രകാരം താഴെ പറയുന്നവരുടെ വാടക കുടിശ്ശികയുള്ളതായി കാണുന്നു.

വാടകക്കാരന്റെ പേര്	പ്രതിമാസ വാടക	കുടിശ്ശിക തുക
വിനേഷ്.എം.സി., മഠത്തിപ്പറമ്പിൽ ഹൗസ്, വെട്ടുകാട്	2025	8100
അജിത്ത്.എം.ജി, മാവേലി ഹൗസ്	1575	15750
ജോർജ്ജ് ജോസഫ്, വടക്കേത്തല ഹൗസ്, കൊഴുക്കുള്ളി	639	7668
പ്രസന്ന, ചുക്കത്ത് ഹൗസ്, പൂച്ചട്ടി	1521	10647
ലക്ഷ്മി, തെക്കുട്ട് ഹൗസ്, കൊഴുക്കുള്ളി	710	4260

ഇവ ഈടാക്കുന്നതിന് കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്.

2-4 ബിൽഡിംഗ് പെർമിറ്റ് കാലാവധി കഴിഞ്ഞ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത് കണ്ടെത്തുന്നതിന് ഫീൽഡ് പരിശോധന നടത്തേണ്ടതാണ്

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2011 ചട്ടം17(1) പ്രകാരം കെട്ടിട നിർമ്മാണ കാലാവധി പെർമിറ്റ് അനുവദിച്ച തീയതി മുതൽ മൂന്ന് വർഷത്തേക്കാണ്. അതുപോലെ തന്നെ വാർത്താവിനിമയ ഗോപുരങ്ങളുടെ നിർമ്മാണം കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ,

2011 ചട്ടം 130(6) പ്രകാരം പെർമിറ്റ് ലഭിച്ച് ഒരു വർഷത്തിനുള്ളിൽ പൂർത്തിയാക്കേണ്ടതാണ്. അനധികൃത നിർമ്മാണം നടത്തുന്നത് കണ്ടെത്തുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി കർമ്മപരിപാടി തയ്യാറാക്കേണ്ടതാണ്.

ഉദാഹരണത്തിന് 23.12.2008-ൽ 343/08-09 നമ്പറായി 252.13 ച.മീ. നിർമ്മാണത്തിന് വേണ്ടി ബിൽഡിംഗ് പെർമിറ്റ് എടുത്തിരുന്ന വലക്കാവ് മിൽക്ക് സൊസൈറ്റി സെക്രട്ടറി 13.09.2017-ന് 361.67 ച.മീ. നിർമ്മാണം പൂർത്തിയാക്കി പൂർത്തീകരണ സാക്ഷ്യപത്രം നൽകുമ്പോൾ മാത്രമാണ് പെർമിറ്റ് പുതുക്കുന്നതിനുള്ള ഫീസും ക്രമവൽക്കരണഫീസും അടവാക്കുന്നത്.

ഫീൽഡ് പരിശോധന നടത്തി പെർമിറ്റ് കാലാവധി കഴിഞ്ഞ നിർമ്മാണങ്ങൾക്ക് നോട്ടീസ് നൽകുകയും പെർമിറ്റ് പുതുക്കുന്നതിന് ക്രമപ്രകാരമുള്ള ഫീസ് ഈടാക്കുകയും ചെയ്യേണ്ടതാണ്.

2-5 പൗരാവകാശരേഖ

കേരള പഞ്ചായത്ത് രാജ് നിയമം 272 എ വകുപ്പ് പ്രകാരം പൗരാവകാശരേഖ 2016-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 9-5-2017ലെ പൊതുഭരണം ധനകാര്യം വർക്കിങ്ങ് ഗ്രൂപ്പിൽ പൗരാവകാശരേഖ പുതുക്കുന്നതിനും ജനങ്ങളിലേയ്ക്ക് എത്തിക്കുന്നത് സംബന്ധിച്ചും ചർച്ച ചെയ്തുവെങ്കിലും നിയമാനുസൃതം പൗരാവകാശരേഖ പുതുക്കി പ്രസിദ്ധീകരിച്ചിട്ടില്ല.

2-6 വസ്തുനികുതി പിരിവ് 91%

07.10.2017 തീയതിയിലെ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ പിരിച്ചെടുക്കേണ്ട ഫീസുകൾ അടിയന്തിരമായി പിരിച്ചെടുക്കുന്നതിനും എല്ലാ നികുതിദായകർക്കും ഡിമാന്റ് വിതരണം ചെയ്യുന്നതിനും തീരുമാനിച്ചിരുന്നു. നോട്ടീസ് നല്കുന്നതിന് കുടുംബശ്രീ അംഗങ്ങളുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനും തീരുമാനിച്ചു. ആയതിന്റെയും ക്യാമ്പ് കളക്ഷൻ, ഫീൽഡ് കളക്ഷൻ എന്നിവയുടെയും ഫലമായി നികുതി പിരിവിൽ വർദ്ധനവുണ്ടായി. 2017-18 വർഷം 91% നികുതി പിരിച്ചെടുത്തിട്ടുണ്ട്. 100 ശതമാനം നികുതി പിരിവ് നേടിയെടുക്കുന്നതിന് യോജിച്ച പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്.

2-7 സഞ്ചയ സാംഖ്യ ഇന്റഗ്രേഷൻ

സഞ്ചയ ഇന്റഗ്രേഷനുമായി ബന്ധപ്പെട്ട് നിരവധി പ്രശ്നങ്ങൾ നിലവിൽ ഉണ്ട്. സഞ്ചയ ഇന്റഗ്രേഷന് മുമ്പ് ഫ്രണ്ട് ഓഫീസ് വഴിയും റസീറ്റ് ബുക്ക് വഴിയും നികുതി സ്വീകരിച്ചതിലുള്ള തെറ്റുകൾ (ഉദാഹരണം -വീട്ട് നമ്പർ തെറ്റായി രേഖപ്പെടുത്തൽ), ടി റസീറ്റുകൾ സഞ്ചയയിൽ രേഖപ്പെടുത്തിയതുമൂലം നിരവധി റസീറ്റുകൾ തെറ്റായി പല ഉടമസ്ഥരുടെയും പേരിൽ പോസ്റ്റ് ചെയ്തിരുന്നു. പിന്നീട് പല റസീറ്റുകളും കൃത്യമായ ഉടമസ്ഥത കണ്ടെത്തി റീ-പോസ്റ്റ് ചെയ്യുകയും ചെയ്തു.

സഞ്ചയ സോഫ്റ്റ് വെയറിൽ തെറ്റായി രേഖപ്പെടുത്തിയ റസീറ്റുകൾ re-route ചെയ്യാൻ സംവിധാനം നിലവിൽ ഇല്ലാത്തതിനാൽ റസീറ്റുകൾ ഡിലീറ്റ് ചെയ്താണ് തെറ്റായി രേഖപ്പെടുത്തിയ റസീറ്റുകൾ റീ പോസ്റ്റിംഗ് ചെയ്യുന്നത്. ആയതുമൂലം ചിലപ്പോൾ ഒരു റസീറ്റ് രണ്ട് തവണ എൻട്രി വരാനുള്ള സാധ്യതകളും ഉണ്ടായിട്ടുള്ളതിനാൽ ഡി.സി.ബി.യിൽ പലപ്പോഴും തെറ്റുകൾ വരാറുണ്ട്.

2013 വർഷത്തിൽ നടത്തിയ വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി വസ്തു നികുതി ഉയർത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ നികുതി കളക്ട് ചെയ്യുകയും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 144/2015, 358/2015 ഉത്തരവ് പ്രകാരം സോഫ്റ്റ് വെയറിൽ പലതവണ മാറ്റങ്ങൾ ഉണ്ടായതുമൂലം സാംഖ്യയിൽ രേഖപ്പെടുത്തിയ തുക തന്നെയാണ് സഞ്ചയയിൽ പോസ്റ്റ് ആയത് എന്ന് കണ്ടെത്തുവാൻ പലപ്പോഴും സാധിച്ചിരുന്നില്ല. കൂടാതെ കൂടുതലായി ഒടുക്കിയ തുക ബുക്ക് അഡ്ജസ്റ്റ്മെന്റ് ഹെഡിൽ നിലവിൽ സഞ്ചയയിൽ നിലനിന്നുപോരുന്നു. ടിതുക സാംഖ്യയിൽ രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല. മറിച്ച് ഓരോ വർഷവും ആവശ്യമായ തുക ജേണൽ മുഖേന സാംഖ്യയിൽ രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്. ആയതുമൂലം സഞ്ചയയിലും - സാംഖ്യയിലും വസ്തു നികുതി ഇനത്തിൽ കളക്ട് ചെയ്യുന്ന തുക തുല്യമായി വരുന്നില്ല. സഞ്ചയയിൽ ഡി.സി.ബി നിലവിൽ തീയതി തിരിച്ച് ലഭിക്കുന്നില്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട രക്ഷാകർത്താക്കളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം -25000 രൂപ നിരാകരിക്കുന്നു

പ്രോജക്ട് നമ്പർ- SO 46/17

നിർവ്വഹണ ഉദ്യോഗസ്ഥ – അസിസ്റ്റന്റ് സെക്രട്ടറി

ട്രഷറി ബിൽ നമ്പർ – 3/17-18/15.09.17, തുക - 300000/-

4/17-18/27.09.17, തുക - 75000/-

5/17-18/13.10.17, തുക - 75000/-

6/17-18/09.01.18, തുക - 75000/-

7/17-18/23.01.18, തുക - 75000/-

10/17-18/23.01.18, തുക - 75000/-

15/17-18/21.03.18, തുക - 75000/-

പഞ്ചായത്തീരാജ് /നഗരപാലികാ സ്ഥാപനങ്ങൾ സബ്സിഡിയും അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ സ.ഉ. (എം.എസ്) നമ്പർ 80/2017/ത.സ്വ.ഭ.വ. തീയതി. 03.04.17 പ്രകാരം പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട രക്ഷാകർത്താക്കളുടെ പെൺമക്കൾക്ക് വിവാഹധനസഹായമായി 03.04.17 മുതൽ 75000/- രൂപ നൽകാവുന്നതാണ്. എന്നാൽ മിനി കുട്ടൻ, ചങ്ങറ്റത്ത് വീട്ടിൽ, മദിരാശിമൂല എന്നവരുടെ മകളുടെ വിവാഹംനടന്നിരിക്കുന്നത് 6.11.16-നാണ്. ആ കാലയളവിൽ നൽകാവുന്ന തുക 50000/- രൂപയായിരുന്നു. ആയതിനാൽ 25000/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

3-2 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്

പ്രോജക്റ്റ് നമ്പർ - SO 13/18

ട്രഷറി ബിൽ നമ്പർ –9/17-18/30.1.18 - 499900/-

ബ്ലോക്ക് ജില്ലാപഞ്ചായത്ത് വിഹിതം –1) 173793/- രൂപ (ചെക്ക് നമ്പർ-1704967/19.1.18)

2) 200000/- രൂപ-(ചെക്ക് നമ്പർ-1704969/19.3.18)

പഞ്ചായത്തീരാജ് /നഗരപാലികാ സ്ഥാപനങ്ങൾ സബ്സിഡിയും അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ സ.ഉ (എം.എസ്) നമ്പർ 80/2017/ത.സ്വ.ഭ.വ.തീയതി.3.4.17 പ്രകാരം മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ഒരു വർഷത്തേക്കുള്ള സ്കോളർഷിപ്പ് താഴെപ്പറയുന്ന പ്രകാരമാണ്.

ക്രമ നമ്പർ	ഇനം	സ്കോളർഷിപ്പ് തുക
1	സ്കോളർഷിപ്പ് പ്രതിമാസം1000/- രൂപ വീതം	12000
2	വസ്ത്രങ്ങൾക്കുള്ള ബത്ത (വാർഷികം)	1500
3	പഠനസഹായികൾക്ക്/ വിദ്യാഭ്യാസ സാമഗ്രികൾക്ക് ബത്ത (വാർഷികം)	2000
4	ഡേസ്കോളർക്ക് യാത്രാബത്ത (പ്രതിമാസം 1000/- രൂപ വീതം)	12000
5	ഉല്ലാസയാത്രാ ചെലവുകൾ, പഠനപര്യടനം മുതലായവയ്ക്ക് -രക്ഷിതാക്കളിൽ ഒരാൾക്ക് ഉൾപ്പെടെ	1000
ആകെ		28500

പഞ്ചായത്തിലെ 52 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവരിൽ 34 പേർ മാനസിക വെല്ലുവിളി നേരിടുന്നവരാണ്. ഇവർക്ക് നൽകിയിരിക്കുന്ന പരമാവധി തുക 23669/- രൂപ, 21569/- രൂപ എന്നിങ്ങനെയാണ്. ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പ്രോജക്റ്റ് നടപ്പാക്കുമ്പോൾ പരമാവധി തുകയായ 28,500/- രൂപ തന്നെ ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-3 ഹോമിയോ ആശുപത്രിയിലേക്ക് ലഭിക്കേണ്ട മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ (ഹോമിയോ)

SO 68/18 പദ്ധതിയുടെ ഭാഗമായി ഹോമിയോ ആശുപത്രിയിലേക്ക് മരുന്നുകൾ വാങ്ങുന്നതിനായി 150000/- രൂപ HOMCO ആലപ്പുഴയ്ക്ക് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

പദ്ധതി	നിർവ്വഹണ ഉദ്യോഗസ്ഥൻ	പദ്ധതി അടങ്കൽ	ട്രഷറി ബിൽ നമ്പർ	ചെലവ് തുക	മരുന്നുകൾ ലഭിച്ചതിന്റെ വിവരം	മരുന്നുകൾ ബാക്കി ലഭിക്കാനുള്ളത്
SO068/18	മെഡിക്കൽ ഓഫീസർ, ഹോമിയോ	150000	2/17-18/ 22.12.17	150000	30532	119468

മരുന്നുകൾ എത്രയും വേഗം ലഭ്യമാകുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. 119468/- രൂപയുടെ ചെലവു തുക തടസ്സപ്പെടുത്തുന്നു.

3-4 മെഡിക്കൽ ഓഫീസർ പി.എച്ച് .സി നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ - 281412/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

എ) അലോപ്പതി ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ
പ്രോജക്ട് നമ്പർ-S0043/18

ട്രഷറി ബിൽ നമ്പർ-9/17-18/30.12.17

തുക-50000/- രൂപ

അലോപ്പതി ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം 50000/- രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിനു നൽകിയിട്ടുണ്ട്. ആയതിൽ 9680/- രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. ബാക്കി തുകയ്ക്കുള്ള മരുന്നുകൾ എത്രയും വേഗം ലഭ്യമാകുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. 40320/- രൂപയുടെ ചെലവു തുക തടസ്സപ്പെടുത്തുന്നു.

ബി) സാന്ത്വന പരിചരണം

i a) പ്രോജക്ട് നമ്പർ-S0045/18

ട്രഷറി ബിൽ നമ്പർ-8/17-18/30.12.17

തുക-156684/- രൂപ

മേൽ പ്രോജക്ട് പ്രകാരം ചെലവു ചെയ്ത 156684/- രൂപയിൽ 137767/- രൂപ ഉപകരണങ്ങൾ വാങ്ങുന്നതിനായി KMSCL-നു നൽകുകയും 18917/- രൂപ ഹോം കെയറിനായി ചെലവഴിയ്ക്കുകയും ചെയ്തിട്ടുണ്ട്. ആയതിൽ KMSCL-നു നൽകിയ തുകയിൽ 46675/- രൂപയുടെ ഉപകരണങ്ങൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. ബാക്കി 91092 രൂപക്കുള്ള ഉപകരണങ്ങൾ എത്രയും വേഗം ലഭ്യമാകുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. 91092/- രൂപയുടെ ചെലവു തുക തടസ്സപ്പെടുത്തുന്നു.

ii)

ബ്ലോക്ക് ഷെയർ-150000/- രൂപ

ചെക്ക് നമ്പർ-1704966/28.12.17

സാന്ത്വന പരിചരണം എന്ന പ്രോജക്ട് പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി 150000/-രൂപ കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിനു നൽകിയിട്ടുണ്ട്. മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല. എത്രയും വേഗം മരുന്നുകൾ ലഭ്യമാകുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. 150000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മേൽ പ്രോജക്ടുകൾ (എ+ബി, (i, ii) പ്രകാരം 281412/- (40320+91092+150000) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3-5 പി.എച്ച്.സി.യിൽ കരാർ അടിസ്ഥാനത്തിൽ ഡോക്ടറെ നിയമിക്കൽ-53073/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ-S00115/18

അടങ്കൽ-516000/-

ചെലവ്-258489/-

ചെക്ക് നമ്പർ, തീയതി	തുക
81942/29.11.17	24166
81977/28.12.17	41346
82393/20.1.18	42527
82425/21.2.18	36250
82426/22.2.18	13900
82460/23.3.18	50150
82472/31.3.18	50150

മേൽ പ്രോജക്ട് പ്രകാരം നടത്തറ പി.എച്ച്.സിയിലേക്ക് ഒരു ഡോക്ടറെയും ഒരു സ്റ്റാഫ് നഴ്സിനേയും നിയമിക്കുകയുണ്ടായി. ഫയൽ പരിശോധിച്ചതിൽ നിന്നും 30.10.17 തീയതിയിൽ നടന്ന പഞ്ചായത്ത് ജനറൽ കമ്മറ്റിയുടെ ഒരു സാധാരണ യോഗത്തിന്റെ 7-ം നമ്പർ തീരുമാനപ്രകാരം 12.7.17 തീയതിയിൽ നടത്തിയ കൂടിക്കാഴ്ചയിൽ സ്റ്റാഫ് നഴ്സിന്റെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നവർ ധന്യ പൗലോസ്, മരിയ കുളങ്ങര ഹൗസ് എന്നിവരായിരുന്നു. കൂടാതെ 30.10.17 തീയതിയിൽ നടന്ന കമ്മറ്റിയോഗത്തിന്റെ 1(2)ാം തീരുമാനപ്രകാരം 28.12.17ൽ നടത്തിയ സ്റ്റാഫ് നഴ്സിന്റെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നവർ ലിന്റു ജോസഫ് മുള്ളൂർ, റിയ ഷമേൽ വെളിയത്ത്, കൃഷ്ണേന്ദു.കെ.ജി.കുമുള്ളി, ജിൻസിജോയി കാരിത്തടത്തിൽ, എമി ജോയി എന്നിവരും ആയിരുന്നു. എന്നാൽ 2017 നവംബർ, ഡിസംബർ മാസങ്ങളിൽ സ്നേഹ.കെ.എം. എന്നയാൾ സ്റ്റാഫ് നഴ്സായി പ്രവർത്തിക്കുകയും 11373/- രൂപ ശമ്പളം കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. കൂടാതെ ജനവരി മാസം മുതൽ ലിന്റു ജോസഫ് എന്നയാൾ സ്റ്റാഫ് നഴ്സായി പ്രവർത്തിക്കുകയും 41700/- രൂപ ശമ്പളം കൈപ്പറ്റുകയും ചെയ്തു. മേൽപ്പറഞ്ഞവരെ സ്റ്റാഫ് നഴ്സായി നിയമിച്ചതിന്റെ കമ്മറ്റി തീരുമാനം ഹാജരാക്കിയിട്ടില്ല. കൂടാതെ ഇന്റർവ്യൂ നടത്തി തയ്യാറാക്കിയ ലിസ്റ്റിൽ സ്നേഹ.കെ.എം. എന്നവർ ഉൾപ്പെട്ടിരുന്നില്ല. ലിസ്റ്റിൽ ഉൾപ്പെടാത്തയാളെ നിയമിച്ചതിനു വിശദീകരണം നല്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നതു വരെ ഈയിനത്തിൽ ചെലവഴിച്ച 53073/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3-6 298.46 എം.ക്യൂബ് മണ്ണിന്റെ ഡിസ്പോസൽ രേഖപ്പെടുത്തിയില്ല

പ്രോജക്ട് നമ്പർ –124/2017

ഫൈനൽ ബിൽ തുക - 135846/-

ബിൽ നമ്പർ –30/17-18 തി.18/01/2018

എം.ബുക്ക് നമ്പർ –183/16-17

പ്രോജക്ടിന്റെ പേര് - ഡ്രയിനേജ് ക്ലീനിംഗ് ഇൻ ഇംപോർട്ടന്റ് സെന്റേഴ്സ്

ഈ പ്രവർത്തിയിലെ ഇനം രണ്ടായി 298.46 എം. ക്യൂബ് മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. ഇതിന് 64019/- രൂപ ചിലവിട്ടിട്ടുണ്ട്. എന്നാൽ കുഴിച്ചെടുത്ത മണ്ണിന്റെ ഡിസ്പോസൽ എം.ബുക്കിൽ വ്യക്തമല്ല. അധികം അളവ് മണ്ണുണ്ടായിട്ടും ലേലം നടത്തിയതായി രേഖയില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി നമ്പർ 20 തിയതി.27.04.2018) കുഴിച്ചെടുത്ത മണ്ണ് ചളി കലർന്നതായിരുന്നു എന്നും അതിൽ 178 എം. ക്യൂബ് മണ്ണ് പഞ്ചായത്തിലെ ഒന്നാം വാർഡിൽ കല്യാണ മണ്ഡപം കോമ്പൗണ്ടിൽ നിക്ഷേപിച്ചതായും എം. ബുക്കിൽ രേഖപ്പെടുത്താൻ വിട്ടുപോയതാണെന്നും അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്. മണ്ണ് ഡിസ്പോസൽ സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റി തീരുമാനമടുക്കേണ്ടതും എം. ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇത്തരം പ്രവർത്തികളിൽ നടപടിക്രമങ്ങളിൽ വ്യക്തത വരുത്തേണ്ടതുണ്ട് എന്ന് ഓഡിറ്റിൽ നിർദ്ദേശിക്കുന്നു.

3-7 കന്നുകുട്ടി പരിപാലന പദ്ധതി-പൂർത്തിയാകുന്ന മുറയ്ക്ക് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്

പ്രോജക്ട് നമ്പർ –19/17-18

ബിൽ നമ്പർ –103 തിയ്യതി.26.10.17

തുക –625000/-

ആകെ അമ്പതു ഗുണഭോക്താക്കളാണ് ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. പദ്ധതി ഏറ്റെടുത്ത വലക്കാവ് ക്ഷീര സഹകരണസംഘത്തിന്റെ ലെഡ്ജർ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന ഗുണഭോക്താക്കൾ നിലവിൽ കന്നുകാലിത്തീറ്റ വാങ്ങുന്നില്ല എന്ന് കണ്ടിട്ടുണ്ട്. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

പേര്, വിലാസം	ഗുണഭോക്താക്കൾ അവസാനമായി വാങ്ങിയത് ഏതു വരെ എന്ന്	റിമാർക്സ്
അന്നക്കുട്ടി. പുഞ്ചലായിൽ	12-ാം മാസം	
മുരളി.കെ.എ. കൊല്ലായിൽ	8-ാം മാസം	
ശോഭന.പി.കെ. കുറ്റിക്കാട്ട്	7-ാം മാസം	

3-8 സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്റർ ശരിയായ വിധത്തിൽ എഴുതി സൂക്ഷിക്കേണ്ടതാണ്

സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്ററിൽ പ്രവർത്തിയുടെ പേര്, തുക എന്നിവ മാത്രമേയുള്ളൂ. സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്ററിൽ പ്രവർത്തിയുടെ പേര്, സെക്യൂരിറ്റി തുക, തിരിച്ചുകൊടുക്കേണ്ട തിയ്യതി, തിരിച്ചു കൊടുത്ത തിയ്യതി എന്നിവ ചേർത്ത് സൂക്ഷിക്കേണ്ടതാണ്. വർഷാന്ത്യത്തിൽ അബ്സ്ട്രാക്ട് തയ്യാറാക്കേണ്ടതും കൊടുക്കാൻ ബാക്കി നിൽക്കുന്ന തുക കണക്കാക്കേണ്ടതുമാണ്. യഥാർത്ഥ റിലീസിംഗ് തിയ്യതി കഴിഞ്ഞ് മൂന്നു വർഷം കഴിഞ്ഞും തിരികെ ആവശ്യപ്പെടാത്ത ഡെപ്പോസിറ്റുകൾ തനതു ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണ്.

3-9 2017-18 പദ്ധതി നിർവ്വഹണം - വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്കു താഴെയുള്ള വർക്കിങ്ങ് ഗ്രൂപ്പുകൾ - വിലയിരുത്തൽ

വർക്കിങ്ങ് ഗ്രൂപ്പ്	ആകെ അംഗങ്ങൾ	യോഗം 1	യോഗം 2	യോഗം 3	യോഗം 4	വർക്കിംഗ് ഗ്രൂപ്പിന്റെ പ്രകടനം മിനിട്സിന്റെ അടിസ്ഥാനത്തിൽ
മൃഗസംരക്ഷണം/ ക്ഷീര വികസനം	15	തിയ്യതി.- പങ്കാളിത്തം-5 തീരുമാനം-7	തിയ്യതി.-24/03/17 പങ്കാളിത്തം-3 തീരുമാനം-3	തിയ്യതി.-26/4/17 പങ്കാളിത്തം-6 തീരുമാനം-3	-	ശരാശരിയിലും താഴെ
കൃഷി (ഉത്പന്ന സംഭരണം സംസ്കരണവും വിപണനവും ഉൾപ്പടെ)	15	തിയ്യതി.-10/02/17 പങ്കാളിത്തം-9 തീരുമാനം-16	തിയ്യതി.-26/04/17 പങ്കാളിത്തം-7 തീരുമാനം-22	തിയ്യതി.-09/05/17 പങ്കാളിത്തം-10 തീരുമാനം-9	തി.19/5/17- പങ്കാളിത്തം-5 തീരുമാനം-1	മികച്ചത്
പൊതുമരാമത്ത് (വൈദ്യുതി, ഊർജ്ജം ഉൾപ്പടെ)	15	തിയ്യതി-26/04/17 പങ്കാളിത്തം-7 തീരുമാനം-17	തിയ്യതി-09-05-17 പങ്കാളിത്തം-12 തീരുമാനം-35	തിയ്യതി.-19/05/17 പങ്കാളിത്തം2- തീരുമാനം-ഇല്ല	-	ശരാശരി
കുടിവെള്ളം ശുചിത്വം മുതലായവ	15	തിയ്യതി.-26-04-17 പങ്കാളിത്തം-9 തീരുമാനം-12	തിയ്യതി.-19/05/17 പങ്കാളിത്തം-5 തീരുമാനം-ഇല്ല	-	-	ശരാശരിയിലും താഴെ

വികസനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി - വിലയിരുത്തൽ

വികസന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഓഡിറ്റ് വർഷം 12 തവണ യോഗം ചേർന്നിട്ടുണ്ട്. പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട ചർച്ചകളൊന്നും സമിതിയിൽ നടന്നതായി രേഖപ്പെടുത്തി കാണുന്നില്ല. എന്നാൽ പദ്ധതി അംഗീകാരം, പദ്ധതികളുടെ അവലോകനം എന്നിവ മികച്ച രീതിയിൽ നടന്നിട്ടുണ്ട്.

3-10 പദ്ധതി നടപടിക്രമങ്ങളിലെ കാലതാമസം ഒഴിവാക്കേണ്ടതാണ്.

മരാമത്തു ഫയലുകൾ പരിശോധിച്ചതിൽ ഭൂരിഭാഗം പ്രവർത്തികളും 2018 മാർച്ച് മാസത്തിൽ എഗ്രിമെന്റ് വെച്ച് തുടങ്ങുന്നതായാണ് കാണാൻ കഴിയുന്നത്. പ്രസ്തുത പ്രവർത്തികളുടെ ഭരണാനുമതി കിട്ടി ഏഴോ, എട്ടോ മാസങ്ങൾ കഴിഞ്ഞാണ് ദർഘാസ് നടപടിക്രമങ്ങളിലേക്ക് കടക്കുന്നത്. ഇത് അതാത് സാമ്പത്തിക വർഷം പ്രവൃത്തി പൂർത്തീകരിക്കാതെ സ്പിൽ ഓവർ ആകുന്നതിന് കാരണമാകുന്നു. പദ്ധതികളിൻമേലുള്ള നടപടിക്രമങ്ങൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

പ്രവർത്തിയുടെ പേര്	ഭരണാനുമതി തിയ്യതി	ടെണ്ടർ തിയ്യതി	എഗ്രിമെന്റ് തിയ്യതി
മൂർക്കിനിക്കര ജി.യു.പി.എസ്. മെയിന്റനൻസ്	23-08-16	13/03/17	31/03/2017
നടത്തറ ഷോപ്പിംഗ് കോംപ്ളക്സ് മെയിന്റനൻസ്	23-08-16	13/03/17	31/03/2017
ചേരി പറമ്പ് രചന നഗർ റോഡ് മെയിന്റനൻസ്	23-08-16	31/01/17	15/02/17

3-11 തുടർ സാക്ഷരതാ പ്രവർത്തനം -തുല്യത- രേഖകൾ ഹാജരാക്കിയിട്ടില്ല -ചെലവ് തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ട് -S00 10/18
നിർവ്വഹണ ഉദ്യോഗസ്ഥൻ –ഹെഡ്മിസ്ട്രസ്സ്, ജി.യു.പി.എസ്., മൂർക്കനിക്കര
ട്രഷറി ബിൽ നമ്പർ-2/17-18/21.3.18/74250 രൂപ
3/17-18/21.3.18/66600 രൂപ

പത്താംതരം, ഹയർസെക്കന്ററി തുല്യതാ പഠിതാക്കളുടെ പരീക്ഷാ ഫീസായി 140850/- രൂപ സംസ്ഥാന സാക്ഷരതാ മിഷൻ ഡയറക്ടറുടെ അക്കൗണ്ടിലേക്ക് അടവാക്കിയിട്ടുണ്ട്. ആയതിന്റെ കൈപ്പറ്റ് രസീത്, പഠിതാക്കൾ തുല്യതാ പഠനത്തിനായി രജിസ്ട്രേഷൻ നടത്തിയതിന്റെ രേഖകൾ, പരീക്ഷ എഴുതിയതിന്റെ രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതു വരെ ഈ ഇനത്തിൽ ചെലവഴിച്ച 140850/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3-12 ഗാർഹിക ബയോഗ്യാസ് പ്ലാന്റ് - പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല.

പ്രോജക്ട് -S00 118/18

ട്രഷറി ബിൽ നമ്പർ-4/17-18/5.3.18/150105 രൂപ

5/17-18/31.3.18/45570 രൂപ

മേൽ പ്രോജക്ട് പ്രകാരം പഞ്ചായത്തിലെ 29 ഗുണഭോക്താക്കൾക്ക് ബയോഗ്യാസ് പ്ലാന്റും 38 ഗുണഭോക്താക്കൾക്ക് ബയോ കമ്പോസ്റ്റർ ബിന്നും 45 ഗുണഭോക്താക്കൾക്ക് കിച്ചൻ ബിന്നും നൽകിയിട്ടുണ്ട്. 25.7.18ന് നടത്തിയ സ്ഥല പരിശോധനയിൽ കൂടുതൽ ഗുണഭോക്താക്കളും കിച്ചൻ ബിൻ, ബയോ കമ്പോസ്റ്റർ ബിന്നും ഉപയോഗിച്ചിട്ടില്ല. പലരും സെറ്റ് ചെയ്യാതെ മാറ്റി വച്ചിരുന്നതായി കാണുകയുണ്ടായി. കൂടാതെ ബയോഗ്യാസ് പ്ലാന്റിൽ നിന്നുമുള്ള അമിതമായ ദുർഗന്ധം കാരണം ഷൈലജ ഭാസി എന്നവർ ഉപയോഗിക്കുന്നില്ലെന്നും പുരുഷോത്തമൻ ഐനിക്കാട്ടിൽ എന്നവർ ഈച്ച, കൊതുക് ശല്യവും ദുർഗന്ധവും കൂടുതലാണെന്നും പറയുകയുണ്ടായി. ഇതിൽ നിന്നും മാലിന്യസംസ്കരണം എന്ന പ്രോജക്ടിന്റെ ലക്ഷ്യം സാധിച്ചിട്ടില്ല എന്നാണ് മനസ്സിലാകുന്നത്. മേൽ ഉപകരണങ്ങളുടെ നിർമ്മാണത്തിലെ അപാകതകളാണെങ്കിൽ ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ഉപയോഗക്രമത്തിലെ പാളിച്ചകളാണെങ്കിൽ മേൽ ആനുകൂല്യം നൽകിയ ഗുണഭോക്താക്കൾക്ക് കൂടുതൽ ബോധവത്കരണ ക്ലാസ്സുകൾ നടത്തി പരിശീലനം നൽകി ബയോഗ്യാസ് പ്ലാന്റും ബയോ കമ്പോസ്റ്റർ ബിന്നും കിച്ചൻ ബിന്നും ഉപയോഗപ്പെടുത്തുന്നതിനു വേണ്ട തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-13 തൊഴിലുറപ്പു പദ്ധതി വിവരങ്ങൾ 2017-18

തൊഴിലുറപ്പു പദ്ധതി വിവരങ്ങൾ 2017-18

	എസ്.സി	എസ്.ടി	ജനറൽ	ആകെ
രജിസ്ട്രേഷൻ	473	53	2302	2828
ആകെ തൊഴിലാളികൾ	59	10	368	437
സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ	3755	513	18627	22895

100 ദിനം പൂർത്തിയാക്കിയവർ	14	3	85	102
ചെലവഴിച്ച തുക	കൂലിയിനം	മെറ്റീരിയൽ	ഭരണ ചെലവ്	ആകെ
	5795016	1352393	479281	7626690

	ആരംഭിച്ചവ	പൂർത്തിയായവ	തുടരുന്നവ
ഏറ്റെടുത്ത പ്രവർത്തിയുടെ വിവരങ്ങൾ	201	180	21
ഇനം തിരിച്ച്	ആരംഭിച്ചവ	പൂർത്തിയായവ	തുടരുന്നവ
കിണർ നിർമ്മാണം	13	12	1
കുളം നിർമ്മാണം	5	3	2
കംപോസ്റ്റ് നിർമ്മാണം	4	4	0
തോട് സംരക്ഷണം	8	6	2
കക്കൂസ് നിർമ്മാണം	37	35	2
ഭവന നിർമ്മാണം	16	13	3
വൃക്ഷ തൈ നടൽ 500	3	3	0
കിണർ റീചാർജ്ജിംഗ്	78	78	0
റോഡ് കോൺക്രീറ്റിംഗ്	5	3	2
നിർമ്മാണ സാമഗ്രികളുടെ നിർമ്മാണം	1	0	1
നഴ്സറി നിർമ്മാണം	5	0	5
ഭൂവികസന പ്രവർത്തനങ്ങൾ	26	23	3

3-14 സാമൂഹ്യക്ഷേമ പദ്ധതികൾ

ക്രമ നം	പദ്ധതി	2017-18ൽ ലഭിച്ച അപേക്ഷകൾ	നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ	നിരസിച്ചവ
1	കർഷക തൊഴിലാളി പെൻഷൻ	3	3	-
2	തൊഴിൽരഹിത വേതനം	3	3	3
3	ദേശീയവാർദ്ധക്യകാല പെൻഷൻ	315	252	31
4	വികലാംഗ പെൻഷൻ	30	29	1
5	50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ	6	6	-

3-15 പൂർത്തീകരണ സർട്ടിഫിക്കേറ്റ്, യൂട്ടിലൈസേഷൻ സർട്ടിഫിക്കേറ്റ് എന്നിവ ഹാജരാക്കിയില്ല, ചെലവ് തുക 1763210/- രൂപ തടസ്സപ്പെടുത്തുന്നു

<u>സെക്രട്ടറി നടപ്പാക്കിയ 183/18 നമ്പർ പ്രോജക്റ്റ്</u>

പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിക്കുന്നതിന് 1763210/- രൂപ ട്രഷറി ബിൽ നമ്പർ 20/17 തീ. 23.10.2017 പ്രകാരം നടത്തറ കെ.എസ്.ഇ.ബി.ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ആയതിന്റെ പൂർത്തീകരണ വിവരം, യൂട്ടിലൈസേഷൻ സർട്ടിഫിക്കേറ്റ് എന്നിവ

ഹാജരാക്കാത്തതിനാൽ തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	OB	ലഭിച്ച തുക	പദ്ധതി പേര്, നം	ചെലവഴിച്ച തുക	ROP ആയി തിരിച്ചടച്ച തുക	നീക്കിയിരിപ്പ്
ബ്ലോക്ക് പഞ്ചായത്ത്	400000		മണലിപ്പുഴ ക്ലീനിംഗ്	337060	62940	0
		8,00,000	ക്ഷീരവികസനം	501000	299000	0
		200000	സ്കോളർഷിപ്പ്	200000	-	0
ആകെ	400000	1000000		1038060	361940	0
ജില്ലാ പഞ്ചായത്ത്	0	175000	ക്ഷീരവികസനം	175000	-	0
	73396	150000	പെയിൻ ആന്റ് പാലിയേറ്റീവ്	150000	73396	
	0	200000	സ്കോളർഷിപ്പ്	200000	-	0
	1000000	0	ക്രിമിറ്റോറിയം	1000000	-	0
	250000	0	ബഡ്സ് സ്കൂൾ ഫർണ്ണീച്ചർ	0	250000	0
	0	300000	ന്യൂട്രീഷൻ പ്രോഗ്രാം	300000	-	0
ആകെ	1323396	825000		1825000	323396	0

4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/ ചെക്ക് നമ്പർ	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
പി.ഡബ്ലിയു.ഡി	അംഗൻവാടി വൈദ്യുതീകരണം		65375	51170	14205
പി.ഡബ്ലിയു.ഡി	ടി.വി.നിലയം വൈദ്യുതീകരണം		20125	12821	7304
വാട്ടർ അതോറിറ്റി	ഉപയോഗശൂന്യമായ സ്ട്രീറ്റ് വാട്ടർ ടാപ്പുകൾ പൊളിച്ചുമാറ്റുന്നതിനുള്ള ചെലവ്		28000	27077	923

4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ	തൻവർഷംതിരിച്ചടച്ച തുക	വർഷാവസാനം തിരിച്ചടയ്ക്കാൻ

	ബാക്കിയുണ്ടായിരുന്ന തുക	മുതൽ	പലിശ	ബാക്കിയുള്ള തുക
ഇ.എം.എസ്.ഭവന പദ്ധതി	2816313	800000	-	2016313

•

4-5 സ്ഥിര നിക്ഷേപം

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം, ഖണ്ഡിക നമ്പർ	സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നമ്പർ	വിഷയം	നിലവിലെ അവസ്ഥ
1999-2000, 12	2003-04, 3.8(1)	പൈപ്പിന് അധിക നിരക്ക് നൽകിയത്	നിയമസഭാ സമിതി അക്കൗണ്ട്സ് കമ്മിറ്റി 2016-19- 24-ാമത് റിപ്പോർട്ട് പ്രകാരം പൈപ്പിന് അധികം നൽകിയ 16437/- രൂപ കൺവീനറിൽ നിന്നും ഈടാക്കി ഗ്രാമപഞ്ചായത്തിൽ അടവാക്കിയത് പ്രാദേശിക പരിശോധനയിൽ ബോധ്യമായിട്ടുണ്ടെന്ന ഓഡിറ്റിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിച്ചു.
1999-2000 to 2001-02, 13	2003-04, 3.8(2)	റോഡ് പണിക്ക് മണ്ണിറക്കുന്നതിന് അധിക നിരക്ക് നൽകിയത്	നിയമസഭാ സമിതി അക്കൗണ്ട്സ് കമ്മിറ്റി 2016-19- 24-ാമത് റിപ്പോർട്ട് പ്രകാരം മണ്ണ് നിറയ്ക്കുന്ന പ്രവൃത്തികൾക്ക് ഒരു ലീഡും ലിഫ്റ്റും കുറയ്ക്കേണ്ടതില്ല എന്ന ത.സ്വ.ഭ.വ. സർക്കുലറിന്റെ നിർദ്ദേശം മുൻകാല പ്രാബല്യത്തോടെ ബാധകമാക്കിയിട്ടുള്ളതിനാൽ പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിച്ചു.
1999-2000 to 2001-02, 15	2003-04, 3.8(3)	വിൽപ്പന നികുതി കുറവായി അടച്ചത്	നിയമസഭാ സമിതി അക്കൗണ്ട്സ് കമ്മിറ്റി 2016-19- 24-ാമത് റിപ്പോർട്ട് പ്രകാരം പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ വർദ്ധിപ്പിച്ച വിൽപ്പന നികുതി അടയ്ക്കുന്നതിന് ആവശ്യമായ തുക പൂർണ്ണമായി വകയിരുത്താതിരുന്നതിനാലാണ് കുറവ് അടയ്ക്കേണ്ട സാഹചര്യം ഉണ്ടായതെന്നും പ്രവൃത്തികളുടെ കൺവീനർമാർക്ക് കൂടുതൽ തുക നൽകിയിട്ടില്ലെന്നുമുള്ള ഓഡിറ്റിന്റെ റിപ്പോർട്ടിന്റെയും പ്രസ്തുത കാലയളവിലെ സെക്രട്ടറി മരണമടഞ്ഞതിനാലും തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്തു.

4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ചാർജ് സർചാർജ് നടപടികൾ ഒന്നും നിലവിലില്ല.

4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	6,86,49,407
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	7,60,02,624
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	25,000

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	23,58,013

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക ചാർജ്/ സർചാർജ്ജ്	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-1	25,000	വത്സല.പി, അസി. സെക്രട്ടറി

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായവരുടെ പേരും ഉദ്യോഗപ്പേരും
3-3	1,19,468	ഡോ.പാർവതി, മെഡിക്കൽ ഓഫീസർ, ഹോമിയോ
3-4	2,81,412	ഡോ.ഉമേഷ്, മെഡിക്കൽ ഓഫീസർ, PHC
3-5	53,073	ഡോ.ഉമേഷ്, മെഡിക്കൽ ഓഫീസർ, PHC
3-11	1,40,850	ഹെഡ്മിസ്ട്രസ്, ജി.യു.പി.എസ്, മൂർക്കനിക്കര
3-15	17,63,210	കെ.പി.അനിൽ, സെക്രട്ടറി
ആകെ	23,58,013	

സി) കേന്ദ്ര -സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
വത്സല.പി, അസിസ്റ്റന്റ് സെക്രട്ടറി	അസിസ്റ്റന്റ് ജില്ലാ മിഷൻ കോർഡിനേറ്റർ, കുടുംബശ്രീ ഓഫീസ്, തൃശ്ശൂർ. (On deputation)	നങ്ങേലി ഹൗസ്, കുറിച്ചിക്കര.പി.ഒ., താണിക്കുടം, തൃശ്ശൂർ -680028

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം
1981-82	എൽ.എഫ്. ടി.എസ്.2-825/11 തീയതി.28.10.11/6.12.11
82-83	എൽ.എഫ്.ടി.എസ്.2- 825/11 തീയതി.28.10.11/6.12.11
84-85	എൽ.എഫ്.ടി.എസ്.2- 825/11 തീയതി.28.10.11/6.12.11
86-87, 87-88	എൽ.എഫ്.ടി.എസ്.2-825/11 തീയതി.28.10.11/6.12.11
88-89, 89-90, 91-92	എൽ.എഫ്.ടി.എസ്.2-825/11 തീയതി.28.10.11/6.12.11
91-92	എൽ.എഫ്.ടി.എസ്.2-825/11 തീയതി.28.10.11/6.12.11
92-93, 93-94	എൽ.എഫ്.ടി.എസ്.2-825/11 തീയതി.28.10.11/6.12.11
94-95	എൽ.എഫ്.ടി.എസ്.2- 825/11 തീയതി.28.10.11/6.12.11

95-96	എൽ.എഫ്.ടി.എസ്.2- 825/11 തീയതി.28.10.11/6.12.11
96-97 (ചെലവ്)	എൽ.എഫ്.ടി.11-893/99 തീയതി.19.4.99
96-97 (ഫൈനൽ)	എൽ.എഫ്. ടി.11-154/06 തീയതി.31.5.06
97-98 ചെലവ്	എൽ.എഫ്.ടി.893/99 തീയതി.19.4.99
97-98 ഫൈനൽ	എൽ.എഫ്.ടി.11-155/06 തീയതി.31.5.06
98-99 ചെലവ്	എൽ.എഫ്.ടി.11-662/00 തീയതി.1.9.00
98-99 ഫൈനൽ	എൽ.എഫ്.ടി.11- 1526/00 തീയതി.18.10.06
99-00,00-01, 01-02 പദ്ധതി ചെലവ്	എൽ.എഫ്.ടി.11- 1069/03 തീയതി.26.9.03
99-00 ഫൈനൽ	എൽ.എഫ്.ടി.11- 1527/06 തീയതി.20.10.06
00-01	എൽ.എഫ്.ടി.11-1683 തീയതി.4.10.08
01-02	എൽ.എഫ്.ടി.11- 2361/07 തീയതി.4.10.08
02-03	എൽ.എഫ്.ടി.11- 2370/07, തീയതി.4.10.08
03-04	എൽ.എഫ്.ടി.11- 1364/08 തീയതി.3.8.09
04-05	എൽ.എഫ്.ടി.11- 1365/08 തീയതി.3.8.09
05-06	എൽ.എഫ്.ടി.11- 1620/09 തീയതി.8.8.10
06-07	എൽ.എഫ്.ടി.11- 1621/09 തീയതി.18.8.10/31.1.11
07-08	എൽ.എഫ്.ടി(പി5) 370/11 തീയതി.11.3.11
08-09	എൽ.എഫ്. ടി(പി5) 371/11 തീയതി.15.3.11
09-10	എൽ.എഫ്.ടി(പി5) 372/11 തീയതി.15.3.11
10-11	എൽ.എഫ്. ടി(പി4) 710/12 തീയതി.18.9.12/2.3.13
11-12	എൽ.എഫ്. ടി(പി8) 1568/13 തീയതി.14.3.14/ 12.5.14
12-13	എൽ.എഫ്.ടി.പി.(പി8)379/ 14 തീയതി.12.1.15
13-14	കെ.എസ്.എ.ടി.എസ്.ആർ.(പി8)560/15 തീയതി.20.8.15/ 12.10.15
14-15	കെ.എസ്.എ.ടി.എസ്.ആർ.(പി8)1209/16 തീയതി.23.7.16
15-16	കെ.എസ്.എ.ടി.എസ്.ആർ (പി8) 2150/2016 തീയതി.16.12.16
16-17	കെ.എസ്.എ.ടി.എസ്.ആർ (പി8) 1194/ 2017 തീയതി.31.07.2017

ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

അനുബന്ധം-1

ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **നടത്തറ ഗ്രാമപഞ്ചായത്തിന്റെ** 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഖണ്ഡിക 1-12-ൽ ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
തൃശ്ശൂർ ജില്ലാ ഓഡിറ്റ് കാര്യാലയം.